"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ എസ്.എൻ.വി. എച്ച്.എസ്.എസ്. നെടുങ്കണ്ട സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് , എച്ച്.എസ്.എസ്.റ്റി. ഗണിതം തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. മനോജ് എം.പി. യെ നോമിനേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3620/2026/GEDN തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014.
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023.
5. ജി.ഒ.(ആർ.റ്റി) നം.4048/2025/പൊവിവ തീയതി 20/06/2025
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 11/05/2026-ലെ HSE/7668/2026-Acd C1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1.തിരുവനന്തപുരം ജില്ലയിലെ എസ്.എൻ.വി. എച്ച്.എസ്.എസ്. നെടുങ്കണ്ട സ്കൂളിലെ വിരമിക്കൽ മൂലമുണ്ടായ 2 എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് തസ്തികകളിലേയും 1 എച്ച്.എസ്.എസ്.റ്റി. ഗണിതം തസ്തികയിലേയും ഒഴിവിലേക്ക് നേരിട്ട് നിയമനം

നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ തിരുവനന്തപുരം ഹെൽത്ത് സർവീസ് ഡയറക്ടറേറ്റിലെ നിയമ ഓഫീസറുമായ ശ്രീ. മനോജ്. എം.പി. യെ നോമിനേറ്റ് ചെയ്യുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. ടി തസ്തികകളിൽ നിലവിൽ ഒഴിവുള്ളതായി കാണുന്നെന്നും എച്ച്.എസ്.എസ്.ടി. കമ്പ്യൂട്ടർ സയൻസ്, എച്ച്.എസ്.എസ്.ടി. ഗണിതം എന്നീ വിഷയങ്ങളിൽ ജൂനിയർ തസ്തിക നിലവിലില്ലെന്നും 01/01/2025 തീയതിയിലെ HST/UPST /LPST വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഗണിതം, കമ്പ്യൂട്ടർ സയൻസ് എന്നീ വിഭാഗങ്ങളിൽ യോഗ്യരായ മറ്റ് ജീവനക്കാർ ഇല്ലായെന്നും അതിനാൽ ടി തസ്തികയിൽ നേരിട്ട് നിയമനം നടത്താവുന്നതാണെന്നും, ടി സ്കൂളിലെ റോസ്റ്റർ പരിശോധിച്ച് സമന്വയ പോർട്ടലിൽ അംഗീകരിച്ചിട്ടുണ്ടെന്നും എച്ച്.എസ്.എസ്.ടി. ജൂനിയർ ഇക്കണോമിക്സ്, എച്ച്.എസ്.എസ്.ടി. ഇക്കണോമിക്ൎസ് എന്നീ തസ്തികകൾ ഭിന്നശേഷി നിയമനം നടത്തുന്നതിനായി മാറ്റിവച്ചത് വ്യവസ്ഥാപിതമാണെന്ന് സമന്വയ പോർട്ടലിൽ അംഗീകരിച്ചിട്ടുണ്ടെന്നുമാണ് ആർ ഡി ഡി റിപ്പോർട്ട് ചെയ്യുന്നത് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ശ്രീ. മനോജ് എം.പി. യെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള മാനേജരുടെ കത്ത്, സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീ. മനോജ് എം.പി. യുടെ സമ്മതപത്രം, 2025-26 അക്കാദമിക് വർഷം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാളിന്റെ ഡിക്ലറേഷൻ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. പരാമർശം (5) ഉത്തരവുപ്രകാരം അംഗീകരിച്ച 2025-26 ലെ അംഗീകൃത പാനലിൽ ശ്രീ. മനോജ് എം.പി. യുടെ പേര് സീരിയൽ നമ്പർ 50 ആയി ഉൾപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമനോജ്.എം.പിക്ക് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ ചട്ടം 32 പ്രകാരമാണ് നടത്തുന്നതെന്ന് ഗവ.പ്രതിനിധി ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ സഹിതം ഇന്റർവ്യൂ

നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നും 2025-26 അധ്യയന വർഷം അവസാനിച്ച സാഹചര്യത്തിൽ ടി നിയമനങ്ങൾക്ക് 2026-27 അധ്യയന വർഷം മുതലേ അംഗീകാരം നൽകാവൂ എന്നുമുള്ള വ്യവസ്ഥകളിന്മേൽ ടി തസ്തിക നിലനിൽക്കുന്നുണ്ടെങ്കിൽ എസ്.എൻ.വി. എച്ച്.എസ്.എസ്. നെടുങ്കണ്ട സ്കൂളിലെ വിരമിക്കൽ മൂലമുണ്ടായ 2 എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് തസ്തികകളിലേയും 1 എച്ച്.എസ്.എസ്.റ്റി. ഗണിതം തസ്തികയിലേയും ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ തിരുവനന്തപുരം ഹെൽത്ത് സർവീസ് ഡയറക്ടറേറ്റിലെ നിയമ ഓഫീസറുമായ ശ്രീ. മനോജ് എം.പി. യെ കെ.ഇ.ആർ അദ്ധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 014.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം, തിരുവനന്തപുരം.

ശ്രീ.മനോജ് എം.പി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (നിയമ ഓഫീസർ, ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.)

മാനേജർ, എസ്.എൻ.വി. എച്ച്.എസ്.എസ്. നെടുങ്കണ്ട, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/75/2026/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 29-05-2026 12:42:33

സെക്ഷൻ ഓഫീസർ